പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6299 07.11.2016 ൽ മറുപടിക്ക്

## ബോട്ട് സർവ്വീസ് ടൂറിസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, വി.ഡി.സതീശൻ<br>,, വി.എസ്.ശിവകുമാർ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) |
| (എ) ബോട്ട് സർവ്വീസ് ടൂറിസം പരിപോഷിപ്പിക്കുവാൻ ജലഗതാഗത വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ബോട്ട് സർവ്വീസ് , ടൂറിസം പരിപോഷിപ്പിക്കുന്നതിനും അതുവഴി വകുപ്പിന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ – കൊല്ലം, കൊല്ലം – ആലപ്പുഴ റൂട്ടുകളിൽ സർവ്വീസുകൾ നടത്തിവരുന്നു. 90 യാത്രക്കാർക്ക സഞ്ചരിക്കാൻ കഴിയുന്ന ആധുനിക സൗകര്യങ്ങളോട്ടു കൂടിയ രണ്ട് പാസഞ്ചർ –കം- ടൂറിസ്റ്റ് ബോട്ടുകൾ സീ കുട്ടനാട് എന്ന പേരിൽ സർവ്വീസ് നടത്തിവരുന്നു. സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിന്റെ ഭാഗമായി വൈക്കം – എറണാകുളം. ആലപ്പുഴ – കുമരകം – കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി പുതുതായി അതിവേഗ എ.സി. ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിന് |

|  |  |
|---|---|
|  | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) നിലവിലുള്ള ആലപ്പുഴ- കൊല്ലം , കൊല്ലം – ആലപ്പുഴ, സീ കുട്ടനാട് എന്നീ ടൂറിസ്റ്റ് ബോട്ടുകൾക്ക് പുറമേ പുതിയ രണ്ട് അത്യാധുനിക എ.സി. ഹൈസ്പീഡ് കറ്റാമറൈൻ ബോട്ടുകൾ ഉപയോഗിച്ച് ആലപ്പുഴ- കുമരകം – കോട്ടയം , വൈക്കം – എറണാകുളം എന്നിങ്ങനെ രണ്ട് റൂട്ടുകളിൽ കൂടി സർവ്വീസ് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. അത്യാധുനിക സൗകര്യങ്ങൾ ഉള്ളതും കൂടുതൽ സുരക്ഷിതത്വവുമുള്ള ബോട്ടുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരത്തിന് കൂടുതൽ ഊന്നൽ നല്കുന്ന സർവ്വീസുകൾ ആരംഭിക്കുന്നതിനും. ജനങ്ങൾക്ക് മെച്ചപ്പെട്ടതും ചെലവ് കുറഞ്ഞതും പരിസ്ഥിതിയോട് ചേർന്ന് നില്ക്കുന്നതും മലിനീകരണങ്ങൾ ഇല്ലാത്തതുമായ യാത്ര ഉറപ്പാക്കുന്നതിനും സർവ്വീസുകൾ സഹായിക്കുന്നു. മലിനീകരണമില്ലാത്ത സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഒരു യാത്രാബോട്ട് ഇന്ത്യയിൽ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വരുന്നു. ബോട്ടുകളിൽ വീഡിയോ സ്ക്രീൻ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജലമലിനീകരണം, ലൈഫ് ജാക്കറ്റുകളുടെ ഉപയോഗം എന്നിവ സംബന്ധിച്ചുള്ള അവബോധം യാത്രക്കാർക്ക് ഉണ്ടാക്കുന്നതിന് ഇതുമൂലം സാധിക്കുന്നു. യാത്രാബോട്ടുകളിൽ അപ്പർ ഡെക്ക് സംവിധാനം ഉപയോഗപ്പെടുത്തി നിലവിലെ സീ കുട്ടനാട് സർവ്വീസിനു സമാനമായി ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സീ അഷ്ടമുടി പോലുള്ള സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. |
| (സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ബോട്ടുജെട്ടികളിൽ | (സി) ബോട്ടുജെട്ടികളുടെ നിലവിലെ സൗകര്യങ്ങളിൽ നിന്നു കൊണ്ട് മെച്ചപ്പെട്ട ബോട്ട് സർവ്വീസുകൾ നടത്തി വരുന്നു. വിനോദ |

| | |
|---|---|
| ഒരുക്കേണ്ടതെന്ന് വിശദീകരിക്കുമോ? | സഞ്ചാര മേഖലയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ ടൂറിസം സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി ബോട്ടുജെട്ടികളുടെ അടിസ്ഥാന സൗകര്യങ്ങളും നിലവാരവും ഉയർത്തേണ്ടതായിട്ടുണ്ട്. നിലവിൽ കോട്ടയം കോടിമാതയിലെ വാട്ടർ ഹബ്ബിൽ യാത്രക്കാർക്ക വിശ്രമിക്കുന്നതിനുള്ള സൗകര്യങ്ങളും, കോഫിഷോപ്പ്, കുട്ടികളുടെ പാർക്ക് തുടങ്ങിയവയും ഉൾക്കൊള്ളിക്കുന്നതിന് ടൂറിസം വകുപ്പുമായി ചേർന്നുള്ള നടപടി പുരോഗമിച്ചുവരുന്നു. എറണാകുളം, ആലപ്പുഴ എന്നീ മേഖലകളിൽ മൊബിലിറ്റി ഹബ്ബിന്റെ ഭാഗമായി ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ബോട്ടുജെട്ടികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ